




# Voice of Jagadguru

advaitam paramanandam — an e-magazine on advaita

## <u>അനുഗ്രഹ ഭാഷണം</u>

**ലൗകിക വിഷയങ്ങളിലെ ദോഷത്തെ തിരിച്ചറിഞ്ഞ് ശരിയായ രീതിയിലുള്ള പെരുമാറ്റത്തെ സ്വീകരിക്കുക.**





നാം ശരിയായ നടപടി അഥവാ പെരുമാറ്റത്തെ സ്വീകരിക്കണമെന്ന് ശാസ്ത്രങ്ങൾ പരാമർശിക്കുന്നു. ശാസ്ത്രത്തെ മുറുകെപിടിച്ച് നമുക്ക് ക്ഷേമത്തെ ഉറപ്പിക്കാം. പരമലക്ഷ്യമായ ആത്മജ്ഞാനം കൈവരിക്കുവാൻ ശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ സാധനകളും അനുഷ്ഠിക്കേണ്ടതാണ്.

ഈ സാധനകളിൽ സർവ്വപ്രധാനമായത് മനോനിയന്ത്രണമാണ്. ആയതിന് വിവിധ മാർഗ്ഗങ്ങൾ ഉണ്ട്. അതിൽ ആദ്യത്തേത് ചീത്തമാർഗ്ഗത്തിൽ വ്യാപരിപ്പിക്കാതിരിക്കൽ ആണ്. എന്നാൽ ആളുകൾക്ക് മനസ്സിനേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിക്കൻ ആകാതെ വരുന്നു. മനസ്സ് ആഗ്രഹിക്കുന്ന ലൗകിക വിഷയങ്ങളിലേക്ക് വലിച്ചിഴച്ച് കർമ്മങ്ങൾ ചെയ്യിച്ച് ആ കർമ്മങ്ങളുടെ അനന്തരഫലം അനുഭവിക്കുന്നതിന് മുൻപ് തന്നെ ആഗ്രഹിക്കുന്ന വിഷയങ്ങളിലെ ദോഷത്തെ വേർതിരിച്ചറിയണം.

**अविचारकृतो बन्धो विचारेण निवर्तते |**

"അവിചാരകൃതോ ബന്ധോ വിചാരേണ നിവർത്തതേ".


ഈ വിഷയങ്ങളിലേർപ്പെടുന്ന വാസനകളിൽനിന്നും ഒളിച്ചോടി കർമ്മങ്ങൾ അനുഷ്ഠിക്കാതിരിക്കുന്നതുവഴി മനസ്സിനെ നിയന്ത്രിക്കാൻ ആകുകയില്ല. സദാ ജാഗരൂകമായി വിഷയങ്ങളിൽ അന്തർലീനമായ ദോഷഫലത്തെക്കുറിച്ച് ബോധവാനാകുന്നതുവഴി മാത്രമേ ശരിയായ മനോനിയന്ത്രണം സാധ്യമാകുകയുള്ളൂ.

**न तथैतानि शक्यन्ते संनियन्तुमसेवया |**
**विषयेषु प्रजुष्टानि यथा ज्ञानेन नित्यशः ||**

"ന തഥൈതാനി ശക്യന്തേ സംനിയന്തുമസേവയാ |
വിഷയേഷു പ്രജുഷ്ഠാനി യഥാ ജ്ഞാനേന നിത്യശഃ" ||

ആയതിനാൽ അനാവശ്യ വിഷയങ്ങളിലുള്ള ദോഷത്തെക്കുറിച്ച് ബോധവാനായി, തന്നിമിത്തം മനോനിയന്ത്രണം ഏർപ്പെടുകവഴി മാത്രമേ ദോഷകരങ്ങളായ വിഷയങ്ങളിൽനിന്നും മുക്തനാകാൻ സാധിക്കുകയുള്ളു. ഈ തത്ത്വം ഉൾക്കൊണ്ട് സൗഖ്യവും തൃപ്തവുമായ ജീവിതം നയിക്കുവാൻ നാം ഏവരേയും അനുഗ്രഹിക്കുന്നു.

**काम्यादिदोषदृष्ट्याद्याः कामादित्यागहेतवः |**
**प्रसिद्धा मोक्षशास्त्रेषु तानन्विष्य सुखी भव ||**

"കാമ്യാദിദോഷ ദൃഷ്ട്യാദ്യാഃ കാമാദിത്യാഗ ഹേതവഃ |
പ്രസിദ്ധാ മോക്ഷശാസ്ത്രേഷു താനന്വിഷ്യ സുഖീഭവ" ||

- ജഗത് ഗുരു പരമപൂജ്യ ശങ്കരാചാര്യ ശ്രീ ശ്രീ ഭാരതീതീർത്ഥ മഹാ സ്വാമികൾ

# ||आत्मबोध:||

**यथाकाशो हृषीकेशो नानोपाधिगतो विभुः ।**

**तद्भेदाद्भिन्नवद्भाति तन्नाशे केवलो भवेत् ॥ १० ॥**

യഥാകാശോ ഹൃഷീകേശോ നാനോപാധിഗതോ വിഭുഃ .

തദ്ഭേദാദ്ഭിന്നവദ്ഭാതി തന്നാശേ കേവലോ ഭവേത് .. 10 ..



ഭിന്നങ്ങളായ ഉപാദികളുടെ സംഘത്താൽ സർവ്വവ്യാപിയായ ആകാശം വേറെ വേറെയായിട്ടു കാണപ്പെടുന്നു. ഈ അനുബന്ധങ്ങളുടെ പരിധികൾ ഇല്ലാതാകുമ്പോൾ ആകാശം ഒന്നായി കാണുവാൻ സാധിക്കും. അതുപോലെയാണ് സർവ്വവ്യാപിയായ സത്യം. ഭിന്നങ്ങളായ ഉപാധികളുടെ സംഘത്താൽ വിഭിന്നമായി കാണപ്പെട്ടാലും ആ ഉപാധികൾ ഇല്ലാതാകുമ്പോൾ ഏകമായി വെളിവാകുന്നതാണ്.

- ജഗദ്ഗുരു പരമപൂജ്യ ശങ്കരാചാര്യ ശ്രീ ശ്രീ ശ്രീ വിധുശേഖര ഭാരതി സ്വാമികൾ

**नानोपाधिवशादेव जातिवर्णाश्रमादयः ।**

**आत्मन्यारोपितास्तोये रसवर्णादिभेदवत् ॥ ११ ॥**

നാനോപാധിവശാദേവ ജാതിവർണാശ്രമാദയഃ .

ആത്മന്യാരോപിതാസ്തോയേ രസവർണാദിഭേദവത് .. 11 ..

ഇങ്ങനെ ഉപാധികളുടെ സംസർഗ്ഗം കാരണമാണ് ആത്മാവിലേക്ക് ജാതിവർണ്ണ സ്ഥാനമാനങ്ങൾ എന്നിവ ആരോപിതമായത്. എങ്ങനെയെന്നാൽ ജലത്തിൽ നിറം, വാസന്ന എന്നിവ ആരോപിതമാകുന്നുവോ അതുപോലെ.

**पञ्चीकृतमहाभूत-सम्भवं कर्मसञ्चितम् ।**

**शरीरं सुखदुःखानां भोगायतनमुच्यते ॥ १२ ॥**

പഞ്ചീകൃതമഹാഭൂത-സംഭവം കർമസഞ്ചിതം .

ശരീരം സുഖദുഃഖാനാം ഭോഗായതനമുച്യതേ .. 12 ..

പൂർവ്വകർമ്മങ്ങൾക്കനുസരിച്ച് അഞ്ചുഭൂതങ്ങളാൽ നിർമ്മിതമായി, പഞ്ചീകരണം സംഭവിച്ച് സ്ഥൂലശരീരത്തെ പ്രാപിക്കുന്നു. തന്മൂലം സുഖദുഃഖങ്ങൾ അനുഭവ വിധേയമാകുന്നു.

(തുടരും)

**<u>ധർമ്മശാസ്ത്രത്തിന്റെ മാർഗ്ഗം</u>**

ചോദ്യോത്തര രൂപത്തിൽ തേനിയിലെ വേദപുരിയിലുള്ള ശ്രീ സ്വാമി ചിദ്ഭവാനന്ദ ആശ്രമത്തിന്റെ സ്ഥാപകനായ പരമപൂജ്യ ശ്രീ സ്വാമി ഓംകാരാനന്ദ സരസ്വതി നമ്മുടെ ധർമ്മശാസ്ത്രത്തെക്കുറിച്ചുള്ള സംശയം വൈദികഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ നിവൃത്തിചെയ്യുന്നു.



1. **നമസ്കാരം സ്വാമിജി. നമ്മൾ നിത്യവും "പഞ്ചായതന" പൂജ ചെയ്യേണ്ടതുണ്ടോ? അങ്ങനെയാണെങ്കിൽ മിക്കവീടുകളിലും ആയത് കണ്ടുവരുന്നില്ല. അപ്പോൾ ഒരാൾക്ക് പുതുതായി പൂജ തുടങ്ങുവാൻ സാധിക്കുമോ? അതിനുള്ള വിധാനം എന്താണ്?**
   അഗ്നിഹോത്രാദി കർമ്മങ്ങളുടെ പകരമായിട്ടാണ് പഞ്ചായതനപൂജ വിധാനം വിധിച്ചത്. ആയതുകൊണ്ട് പഞ്ചായതനപൂജയെ ദേവയജ്ഞത്തിന്റെ ഭാഗമായി കണക്കാക്കാം. അങ്ങനെ ദേവയജ്ഞത്തിന്റെ ഭാഗമായി ചെയ്യുന്നതായാൽ പഞ്ചായതനപൂജ വിശേഷമാകുന്നു. ഒരാൾക്ക് അത് തുടങ്ങാവുന്നതാണ്. അതിന്റെ വിധാനത്തെക്കുറിച്ച് പ്രതിപാദ്യമായ അനേകം പുസ്തകങ്ങളും ഉണ്ട്. ശ്രീവത്സസോമദേവ ശർമ്മ പ്രസിദ്ധീകരിച്ച പുസ്തകത്തെ ആശ്രയിക്കാവുന്നതാണ്.

2. **അടുത്ത സംശയം : "മഹാഭാരതത്തെ" പഞ്ചമവേദമായി കണക്കാക്കുന്നു. എന്നാൽ കുടുംബത്തിലെ മുതിർന്നവർ വീട്ടിൽവച്ച് "മഹാഭാരതം പാരായണം ചെയ്യാൻ പാടില്ല എന്നു പറയുന്നു. അപ്പോൾ എങ്ങനെ മഹാഭാരതം പഠിക്കുവാൻ സാധിക്കും? ദയവായി സംശയം ദുരീകരിച്ചാലും.**

   വീട്ടിൽവച്ച് "മഹാഭാരതം" വായിക്കാൻ പാടില്ല എന്നത് വെറും മിഥ്യാധാരണയാണ്. നമ്മുടെ ചിന്തയിൽ ഇങ്ങനത്തെ അന്ധവിശ്വാസം കടന്നുകൂടിയിട്ടുണ്ട്. എല്ലാ അർത്ഥത്തിലും വീട്ടിൽവച്ച് മഹാഭാരതം വായിക്കാം. വീട്ടിൽവച്ച് മഹാഭാരതം വായിക്കാതിരിക്കുവാൻ യാതൊരു ഗ്രന്ഥപ്രമാണവും ഇല്ല. ആവശ്യമില്ല.

   ശ്രീമത് ഭഗവത്ഗീതയും വിഷ്ണുസഹസ്രനാമവും മഹാഭാരതമെന്ന മഹദ്ഗ്രന്ഥത്തിലെ അമൂല്യങ്ങളായ രണ്ടു ഗ്രന്ഥങ്ങളാണ്. മഹാഭാരതം വായിക്കുകവഴി വീട്ടിൽ മംഗളം ഉണ്ടാകും. ഓരോ ശ്ലോകത്തിന്റെയും അർത്ഥം മനസ്സിലാക്കുന്നതുവഴി മനുഷ്യർക്കുണ്ടാകുന്ന തെറ്റുകുറ്റങ്ങളും, അവയെ എങ്ങനെ ഒഴിവാക്കി പരിശുദ്ധമാക്കാം എന്നും മനസ്സിലാകും. മഹാഭാരതം വായിക്കുകവഴി ജ്ഞാനത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാടുണ്ടാകും.



3. **സ്ത്രീകൾ "ഗായത്രീമന്ത്രം" ചൊല്ലുവാൻ പാടില്ല എന്ന് പറയപ്പെടുന്നു. അതിനു പകരമായി അവർക്ക് നിത്യപാരായണത്തിന് ഏത് മന്ത്രമാണ് പറയാവുന്നത്?**

   ശരിയായ സംസ്ക്കാരത്തിന് വിധേയമായി ചൊല്ലിയാൽ മാത്രമേ വേദമന്ത്രങ്ങൾഗുണകരമായി ഭവിക്കുകയുള്ളൂ. മഹാത്മാക്കൾ കാരുണ്യപൂർവ്വം ഗായത്രീമന്ത്രത്തിന്റെ അതേ അർത്ഥം ഉള്ള ഒരു ശ്ലോകം നൽകിയിട്ടുണ്ട്.

"യോ ദേവ : സവിതാസ്മാകം ധിയോഃ ധർമ്മാദിഗോചരാഃ
പ്രേരയേത് തസ്യയത് ഭർഗ്ഗഃ തദ്വരേണ്യമുപാസ്മഹേ"

   അതായത്, അതിപ്രകാശമായി ജ്വലിക്കുന്ന സൂര്യദേവനോട് നമ്മുടെ ബുദ്ധിയെ പ്രചോദിപ്പിച്ച് ശരിയായ ദിശയിൽ നയിക്കാൻ ആയി പ്രാർത്ഥിക്കുക

## പൂജാവിധാനം

**വ്രതങ്ങൾ അനുഷ്ഠിക്കേണ്ട നടപടി ക്രമങ്ങൾ.**

അതിരാവിലെ ഉണർന്ന് നിത്യകർമ്മാനുഷ്ഠാനങ്ങൾ (അവരവരുടെ ആശ്രമത്തിതനനുസരിച്ച്) നടത്തണം. സന്ധ്യാവന്ദനം ബ്രഹ്മയജ്ഞാദികൾക്കുശേഷം എന്തിനുവേണ്ടിയാണോ വ്രതം അനുഷ്ഠിക്കുന്നത് അതിനുള്ള സങ്കല്പം ചെയ്യണം. ഏറ്റവും നല്ല വിധാനം സങ്കല്പത്തിനുശേഷം ഉപവാസം അനുഷ്ഠിക്കുകയും ഉറങ്ങാതിരിക്കുകയും ചെയ്യുന്നതാണ്. ഒരു ദിവസം മുഴുവൻ ഉപവാസം ഇരിക്കാൻ സാധിക്കാത്തപക്ഷം സന്ധ്യാപൂജയ്ക്കുശേഷം അല്പാഹാരം കഴിക്കാവുന്നതാണ്. ഏതൊരു വ്രതത്തിനും മുഖ്യദേവതയുണ്ട്. ചിത്രത്തിലോ വിഗ്രഹത്തിലോ ആ ദേവതയ്ക്കുള്ള പൂജകൾ വ്രതദിനത്തിൽ ചെയ്യണം. യഥാശക്തി ദക്ഷിണയും ഭോജനവും നൽകി പുരോഹിതനെ തൃപ്തിപ്പെടുത്തണം. ഇത് വ്രതത്തിന്റെ മുഖ്യഘടകമാണ്.



സ്ത്രീകൾ ഭർത്താവിന്റെ സമ്മതത്തോടും അനുവാദത്തോടുംകൂടിവേണം വ്രതം അനുഷ്ഠിക്കേണ്ടത്. എന്നാൽ മാത്രമേ ആ വ്രതാനുഷ്ഠാനംകൊണ്ട് ഗുണം ഉണ്ടാകുകയുള്ളൂ. അല്ലാത്തപക്ഷം നിഷ്പ്രയോജനവും പാപവും ആയി തീരും. ഇങ്ങനെ സ്മൃതികൾ പറയുന്നു :

**ചില മുഖ്യമായ കാര്യങ്ങൾ :**

1. പൂർവ്വാംഗപൂജ
2. പ്രധാനപൂജ
3. ഉത്തരാംഗപൂജ
4. പുനഃപൂജ

1. **<u>പൂർവ്വാംഗപൂജ</u> -** ഇതിൽ 9 ഭാഗങ്ങൾ ഉണ്ട്. അവ 1) ആസനപൂജ 2) ഗന്ധപൂജ 3) വിഘ്നേശ്വരപൂജ 4) കലശപൂജ 5) ശംഖപൂജ 6) ആത്മപൂജ 7) പീഠപൂജ 8) ഗുരുധ്യാനം 9) പ്രാണപ്രതിഷ്ഠ.
   ഈ പൂർവ്വാംഗപൂജ എല്ലാ ദേവതക്കും ഒരേപോലെയായിരിക്കും. പൂർവ്വാംഗപൂജയ്ക്കുശേഷം മാത്രമേ പ്രധാന പൂജകൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ.
2. **<u>പ്രധാനപൂജ</u>**
   ഗണേശപൂജ, സരസ്വതിപൂജ, നവരാത്രിപൂജ എന്നിങ്ങനെ വിവിധങ്ങളായ പൂജകൾ ഉണ്ട്. അതിൽ സങ്കല്പം, ധ്യാനം, ആവാഹനം, പാദ്യം, അർഘ്യം,ആചമനീയം, മധുപർക്കം, പഞ്ചാമൃതസ്നാനം, ശുദ്ധോദകസ്നാനം, വസ്ത്രം, ഉപവീതം, ഗന്ധം, അക്ഷതം, പുഷ്പം, അംഗപൂജ, അഷ്ടോത്തരപൂജ എന്നിവ. ഇവിയിൽ ചില വിഷയങ്ങളുടെ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം.
3. **<u>ഉത്തരാംഗപൂജ</u>**
   ധൂപം, ദീപം, നൈവേദ്യം, താംബൂലം, നീരാഞ്ജനം, മന്ത്രപുഷ്പം, കട്രസമ്രാട്ടിരാജോപചാര, പ്രദക്ഷിണ നമസ്കാരം, പ്രാർത്ഥന, അർഘ്യപ്രദാനം, ഉപയാനദാനം എന്നിവ ഈ വിഭാഗത്തിൽ വരുന്നത്. ഉവയ്ക്കും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം.
4. **<u>പുനഃപൂജ-</u>**
   അതേ ദിവസമോ തൊട്ടടുത്ത ദിവസമോ ലഘുവിധാനത്തോടെയും, നിവേദ്യ, അർഘ്യപാദ്യങ്ങളോടുംകൂടി "യഥാസ്ഥാനം പ്രതിഷ്ഠായാമി" എന്നുചൊല്ലി ഉദ്യാപനം നടത്തും.

(തുടരും)

Our Website link : https://voiceofjagadguru.com/voj/

Telegram Channel : https://t.me/voiceofjagadguru

Instagram Channel :

https://www.instagram.com/stories/voice_of_jagadguru_voj/3601249542534134684?igsh=MW90YW13N2c5b2hqaA==

WhatsApp Community Channel: https://chat.whatsapp.com/Ly4wlaTu8Kc3sjjEYU8KGu

YouTube Channel : https://youtube.com/@jagad-guru-channel?si=brkLFqiz8sZJ6UII

| Editorial Board | | |
|---|---|---|
| Sri P A Murali | Hon' Advisor | Administrator & CEO, Sri Sringeri Mutt & It's Properties, Sringerī |
| Sri S N Krishnamurthy | Hon' Editor | Sri Sringeri Mutt, Sringeri |
| Sri Tangirala Shiva Kumara Sharma | Hon' Editor | Sri Sringeri Mutt, Sringeri |
| Sri B Vijay Anand | Web Director | Coimbatore |
| Smt B Srimathi Veeramani | Web Asst Director & Chief Editor | Tirunelveli |
| Sri K M Kasiviswanathan | Hon' Editor | Tirunelveli |